പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3727** — 23/08/2017- ൽ മറുപടിക്ക്

## കെൽട്രോൺ വേതന പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. എ. സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) 31/07/2017 ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ബോർഡ്, കെൽട്രോൺ വേജ് റിവിഷൻ സംബന്ധിച്ച് മീറ്റിംഗ് കൂടിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) ഇല്ല |
| (ബി) 01/04/2012 മുതൽ നിലവിൽ വരേണ്ടിയിരുന്ന പരിഷ്കരണം കഴിഞ്ഞ സർക്കാർ അംഗീകാരം നൽകിയിരുന്നോ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) അംഗീകാരം നൽകിയിരുന്നില്ല. കഴിഞ്ഞ സർക്കാറിന്റെ കാലത്ത് ഔട്ട് ഓഫ് അജണ്ടയിൽ വച്ച് ശമ്പള പരിഷ്കരണം അംഗീകരിക്കുകയും കരട് ഉത്തരവ് ധനകാര്യ വകുപ്പിന്റെ സൂക്ഷമപരിശോധനയ്ക്ക് നൽകുകയും ടി വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ മാനേജിംഗ് ഡയറക്ടർ, കെൽട്രോണിനോട് ആവശ്യപ്പെടുകയും ചെയ്തു. |
| (സി) ഇക്കാര്യത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; വേജ് റിവിഷനുള്ള 5 വർഷ കാലാവധി പൂർത്തിയായ സാഹചര്യത്തിൽ ഇടക്കാലാശ്വാസം 2100 രൂപയിൽ നിന്ന് വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ സമർപ്പിച്ച പുതുക്കിയ ശമ്പള പരിഷ്കരണ നിർദ്ദേശം ധനകാര്യ വകുപ്പിന്റെ സൂക്ഷമപരിശോധനയ്ക്ക് ശേഷം ലഭ്യമാക്കിയ അഭിപ്രായം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന് കൈമാറുകയും, 08/08/2017-ൽ ചേർന്ന പബ്ലിക്ക് എന്റർപ്രൈസസ് ബോർഡ് യോഗം |

പ്രസ്തുത വിഷയം പരിഗണിക്കുകയും തുടർ നടപടികൾ നടന്നുകൊണ്ടിരിക്കുകയുമാണ്.

ഇടക്കാലാശ്വാസം 2100 രൂപയിൽ നിന്ന് വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണനയിലില്ല.

| | | | |
|---|---|---|---|
| (ഡി) | കെൽട്രോൺ സ്ഥാപനങ്ങളിൽ രണ്ട് തരം ഡി.എ. സമ്പ്രദായം നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ കാരണമെന്താണെന്ന് വിശദീകരിക്കുമോ; ഡി.എ. ഏകീകരിക്കുന്നതിനും, വേജ് റിവിഷൻ നടപ്പിലാക്കുന്നതിനും എന്തെങ്കിലും തടസങ്ങളുണ്ടോ; വിശദമാക്കുമോ; | (ഡി) | ഉണ്ട്. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ 15/07/1995-ലെ G.O. (Ms.)12/95/Plg. ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് രണ്ട് തരം ഡി.എ. നൽകുന്നത്. വേജ് റിവിഷൻ നടപടികൾ അവസാനഘട്ടത്തിലാണ്. |
| (ഇ) | വേജ് റിവിഷനും, ഡി.എ. ഏകീകരണവും അടിയന്തിരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | വേജ് റിവിഷൻ നടപടികൾ അവസാനഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ